# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കലഞ്ഞൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പ്.റ്റി.എ പി 10-754/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/12/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കലഞ്ഞൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പ്.റ്റി.എ പി 10-754/2021 തീയ്യതി: 20/12/2021

# പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-07-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 18-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സി.അനിൽകുമാർ (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്സ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനോജ് കുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സജീഷ് സി.എസ്സ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അജിത കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ദിവ്യ മോഹൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. മിനി എം.ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. ലീല എസ്സ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി ആലിയ ഫർസാന | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ രാജീവ് ആർ | അസിസ്റ്റന്റ് എൻജിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ തോമസ്സ് മത്തായി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ ഗണേഷ് എസ്സ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീകല എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 30-06-2019 |
| ശ്രീമതി. സജി പി. വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-07-2019 | 31-03-2020 |
| ഡോ.ഷെമ്പക നാരായണം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: P Anilkumar (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P Anilkumar (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P Anilkumar (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: P Anilkumar (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Veena C (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: P Anilkumar (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P Anilkumar (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-10 |
| 11 | വാടക പിരിവിലെ അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-11 |
| 12 | തെരുവുവിളക്കുകളുടെ പരിപാലനം - പദ്ധതി നിർവ്വഹണം സുതാര്യമല്ല<br>Written By: P Anilkumar (Senior Grade Auditor, On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-12 |
| 13 | ലേല തുകയ്ക്ക് ജി.എസ്.ടി ഈടാക്കിയില്ല<br>Written By: Shyju Y (Senior Grade Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-13 |
| 14 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം<br>Written By: C. Anilkumar (Audit Officer, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-14 |
| 15 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 3.48കോടി രൂപ ലാപ്സാക്കി<br>Written By: C. Anilkumar (Audit Officer, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-15 |
| 16 | പ്രവൃത്തിക്കാത്ത കുടുംബശ്രീ കഫേക്ക് അടുക്കളയും അനുബന്ധ സൗകര്യങ്ങളും നിർമ്മിച്ച് നൽകിയത് - പാഴ്ച്ചെലവ് | 1-16 |

| | | |
|---|---|---|
| | Written By: C. Anilkumar (Audit Officer, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | |
| 17 | മുള്ളൻചാൽ കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ് - പുതിയ മോട്ടർ സ്ഥാപിക്കുന്നതിന് വേണ്ടി വന്ന ചെലവ് മുൻ ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കണം<br>Written By: C. Anilkumar (Audit Officer, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-17 |
| 18 | നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: C. Anilkumar (Audit Officer, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-18 |
| 19 | കാലി ബാരൽ വിലയും ജി.എസ്.ടിയും ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി<br>Written By: C. Anilkumar (Audit Officer, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-19 |
| 20 | കാലി ബാരൽ വിലയുടെ ജി.എസ്.ടി ഈടാക്കിയത് ചരക്ക് സേവന നികുതി വകുപ്പിലേക്ക് ഒടുക്ക്ിയില്ല<br>Written By: C. Anilkumar (Audit Officer, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 16-12-2021) | 1-20 |
| 21 | പൊതു ശ്മശാനം യാഥാർത്ഥ്യമായില്ല<br>Written By: P Anilkumar (Senior Grade Auditor, On 03-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-21 |
| 22 | ബാലസഭ - അധികം തുക ചെലവഴിച്ചു<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-22 |
| 23 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ- പദ്ധതി ഭാഗീകമായി നടപ്പിലാക്കി<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-23 |
| 24 | തെങ്ങുകൃഷി പുനരുദ്ധാരണം - സബ്സിഡി ഇനത്തിൽ അധികം തുക ചെലവഴിച്ചു<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-24 |
| 25 | കുറ്റിമുല്ലക്കൃഷി - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-25 |
| 26 | അർഹരായ ഗുണഭോക്താക്കളില്ല - പദ്ധതിച്ചെലവ് കുറയുന്നു<br>Written By: Deepa S (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിവരം<br>Written By: Deepa S (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Deepa S (Asst. Audit Officer, On 18-10-2021)<br>Last Updated By: Johncy John (Computer Assistant, On 03-12-2021) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Deepa S (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Deepa S (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 29-10-2021)<br>Last Updated By: Johncy John (Computer Assistant, On 03-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Deepa S (Asst. Audit Officer, On 18-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 29-10-2021)<br>Last Updated By: Johncy John (Computer Assistant, On 03-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 20-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Deepa S (Asst. Audit Officer, On 02-11-2021)<br>Last Updated By: Johncy John (Computer Assistant, On 03-12-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 23.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 04.03.2020 ൽ അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഷെഡ്യൂൾ ബി 3

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി മുൻ വർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷത്തെ മൂലധനച്ചെലവുകൾ കൂട്ടിച്ചേർത്തിട്ടില്ല.

ഷെഡ്യൂൾ ബി -4 &ബി17

ജോയിന്റ് വെൻചർ അക്കൗണ്ട് - B17ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും B4 ഷെഡ്യൂളിലെ തുകയും തമ്മിൽ ₹990000ന്റെ വ്യത്യാസം നിലനിൽക്കുന്നു.

ഷെഡ്യൂൾ ബി -7

നീക്കിയിരിപ്പ് തുക, ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

കോൺട്രാക്റ്റേഴ്സ് റീറ്റെൻഷൻ ഇനത്തിൽ ₹46839 നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇപ്രകാരമൊരു തുകയില്ല.

ഷെഡ്യൂൾ ബി -9

ട്രേഡേഴ്സിന്റെ തൊഴിൽനികുതി അഡ്വാൻസ് കളക്ഷൻ ഇനത്തിൽ കാണിച്ചിട്ടുള്ളത് ₹131620 ആണ്. എന്നാൽ രജിസ്റ്ററിൽ ഇത് ₹809720 ആണ്.

ലൈസൻസ് ഫീസ് ഇനത്തിൽ അഡ്വാൻസ് തുകയായി കാണിച്ചിട്ടുള്ള ₹678100തെറ്റാണ്.

ലേലം ഇനത്തിൽ ലഭിച്ച അഡ്വാൻസ് കളക്ഷൻ തുക, വാടകയായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

ഷെഡ്യൂൾ ബി -15

വസ്തുനികുതിയിനത്തിൽ ലഭിക്കാനവശേഷിക്കുന്ന തുകകൾ സഞ്ചയയിലെ തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

ഷെഡ്യൂൾ ബി -17& RP40(b)

സ്ഥിരനിക്ഷേപങ്ങൾ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

ഷെഡ്യൂൾ ബി -18

ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിച്ചതിന്റെ വിവരം രജിസ്റ്ററിൽ ഇല്ല. 6000രൂപ തിരികെ ലഭിക്കാനുള്ളതിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചില്ല.

ഷെഡ്യൂൾ ഐ1- & RP1

ജീവനക്കാരുടെ തൊഴിൽനികുതി - രണ്ട് ഷെഡ്യൂളുകളിലെയും തുകകൾ തമ്മിൽ ₹20000ന്റെ വ്യത്യാസമുണ്ട്.

ഷെഡ്യൂൾ ഐ 3-

വാടകയിനത്തിലെ ഡിമാന്റ് തുക, വാടക രജിസ്റ്ററിലെ ഡിമാന്റ് തുകയുമായി വ്യത്യാസമുണ്ട്.

ഷെഡ്യൂൾ RP7

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് പദ്ധതി ഇനങ്ങളിലായി ഉറവിടത്തിൽനിന്നു കുറവുചെയ്ത തുകകൾ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
വികസന ഫണ്ട് (എസ്.സി.പി) ചെലവ് ധനകാര്യ പത്രികയിലും സുലേഖയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

MGNREGS അക്കൗണ്ടിൽ പലിശയായി ലഭിച്ച തുക ഈയിനത്തിലെ ചെലവായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

ഷെഡ്യൂൾ I-1 & RP 43

വസ്തുനികുതി ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26092016 |
| വരവ് | 93628504 |
| ആകെ | 119720520 |
| ചെലവ് | 89079950 |
| നീക്കിയിരിപ്പ് | 30640570 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ ട്രഷറി ക്യൂ ബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20738000 | 20738000 | 17911434 | 2826566 | 2615288 | 211278 |
| വികസന ഫണ്ട് ( എസ്.സി.പി) | 0 | 13300000 | 13300000 | 10007982 | 3292018 | 772559 | 2519459 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 199400 | 199400 | 0 | 199400 | 0 | 199400 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15852908 | 15852908 | 7848723 | 8004185 | 1314486 | 6689699 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 23030100 | 23030100 | 9337248 | 13692852 | 296811 | 13396041 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 6010000 | 6010000 | 3214119 | 2795881 | 298764 | 2497117 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 75000 | - | 75000 | 0 | 75000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | |
| എൻ.ആർ.ഇ.ജി.എസ് | 22155 | 64565471 | 64587626 | 64587626 | 0 |
| ഐ.സി.ഡി.എസ് | 939119 | 1265219 | 2204338 | 862586 | 1341752 |

ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) അംഗനവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക എന്നീ ഇനങ്ങളിൽ ഉറവിടത്തിൽനിന്ന് സർക്കാർ കുറവുചെയ്തതിനുശേഷം പഞ്ചായത്തിന് ലഭിച്ച വികസന ഫണ്ട് (ജനറൽ, എസ്.സി.പി.) തുകകളാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. കൂടാതെ, എല്ലാ അലോട്ടുമെന്റുകളും വരവായി എടുത്തിട്ടില്ല. അതിനാൽ യഥാർത്ഥ വരവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 20738000 | 19441135 | 1296865 | ഉറവിടത്തിൽ കുറവ് ചെയ്ത തുകകൾ- അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 635100, രൂപ, ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 330883 രൂപ |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 13300000 | 8807776 | 4492224 | മൂന്നാം ഗഡുവായ 4433300രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 3 | വികസന ഫണ്ട് (റ്റി.എസ്.പി.) | 199400 | 133400 | 66000 | മൂന്നാം ഗഡുവായ 66000രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല |

3) വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകകളും ഗ്രാന്റ് വിനിയോഗപത്രികയിലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 20526722 | 19229857 | 1296865 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 8807776 | 10662894 | -1855118 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 380 | 257984854 | 182 | 69095540 | 198 | 46.72 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 22155 | 2635732 | 2657887 | 2657887 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 61929739 | 61929739 | 61929739 | 0 |
| ആകെ | 22155 | 64565471 | 64587626 | 64587626 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64200 | 35 |
| കർഷകത്തൊഴിലാളി പെൻഷൻ | 1439400 | 228 |
| വിധവാപെൻഷൻ | 9461400 | 1620 |
| വാർദ്ധക്യകാലപെൻഷൻ | 19631700 | 3280 |
| വികലാംഗപെൻഷൻ | 2526000 | 442 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 326400 | 54 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2021 03.30 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6513 രൂപ(ആറായിരത്തി അഞ്ഞൂറ്റി പതിമൂന്ന് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

(1) ആസ്തി രജിസ്റ്റർ

ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ റോഡുകളുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ 2017-18 വരെ മാത്രമേ പുതുക്കിയിട്ടുള്ളു. 2018-19 വർഷം ഭാഗീകമായി മാത്രമേ പുതുക്കൽ നടപടികൾ നടന്നിട്ടുള്ളൂ. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയില്ല.

(I)പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി ഹാരിസ് വിലാസത്തിൽ ഷംല ബീവിയിൽ നിന്നും വിലയാധാരം വാങ്ങിയ കലഞ്ഞൂർ വില്ലേജിൽ ബ്ലോക്ക് 33 ൽ 223/4 സർവ്വേ നമ്പരിൽ ഉൾപ്പെട്ട 20.25 ആർ വസ്തു

നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2)കരാർ ചമയ്ക്കൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2021 | 01/20 മുതൽ 03/21 വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2019 | 2013-14 മുതൽ 2018-19 വരെ | 24.01.2020 |

## 1-11 വാടക പിരിവിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ വാടക സംബന്ധമായ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാടക പൂർണ്ണമായി ഈടാക്കിയില്ല

| ക്രമ നം | വാടകക്കാരന്റെ വിലാസം | കെട്ടിടത്തിന്റെ വിവരം | മാസ വാടക | വാടക ഈടാക്കാനുള്ള കാലയളവ് | ആകെ |
|---|---|---|---|---|---|
| 1 | രാജേഷ് ലതികാ ഭവനം പോത്തുപാറ | കൂടൽ ഷോപ്പിംഗ് കോംപ്ലക്സ്. റൂം നം- 18/277 | 1078 | 04/19-03/20 ( 12 മാസം) | 12936 |
| 2 | സുഭാഷ് കനാൻഗിരി കിഴക്കേതിൽ അതിരുങ്കൽ | അതിരുങ്കൽ മാർക്കറ്റ് സ്റ്റാൾ റൂം നം- 4/508 | 171 | 10/19-03/20 ( 5 മാസം) | 855 |
| | | | | ആകെ | 13791 രൂപ |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 13791 രൂപ 2019-20 സാമ്പത്തിക വർഷം വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു.

2) വാടക ഒഴിവാക്കി നൽകിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളുടെ വാടക ഒഴിവാക്കി നൽകിയിരിക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | കെട്ടിട നമ്പർ |
|---|---|---|
| 1 | നീതി മെഡിക്കൽ സ്റ്റോർ<br>(കലഞ്ഞൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് ഉടമസ്ഥതയിൽ) | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്-<br>റൂം നം- 16/565 |
| 2 | VFPCK - വിപണി | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്-<br>റൂം നം- 16/563 |
| 3 | ഡയറി കോ- ഓപ്പറേറ്റീവ് സൊസൈറ്റി- കലഞ്ഞൂർ | കലഞ്ഞൂർ മാർക്കറ്റ് പുതിയ ബിൽഡിംഗ്-<br>റൂം നം- 16/561 |

3) എഗ്രിമെന്റ് രേഖകൾ കൃത്യമല്ല

ഗ്രാമപഞ്ചായത്ത് വക വിവിധ കെട്ടിടങ്ങളിലായി 45 വാടകക്കാരാണുള്ളത്. ഇതിൽ എഗ്രിമെന്റ് വച്ചിട്ടുള്ളത് 21 വാടകക്കാർ മാത്രമാണ്, ഹാജരാക്കിയ എഗ്രിമെന്റുകളും പൂർണ്ണമല്ല. എഗ്രിമെന്റ് നമ്പർ/ തീയതി, കാലയളവ്, വാടക, വ്യാപാരസ്ഥാപനത്തിന്റെ വിവരങ്ങൾ, എന്നിവ ഉൾപ്പെടുത്തി കൃത്യമാക്കിയില്ല. പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെകൊണ്ട് നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പു വയ്പ്പിക്കേണ്ടതും, ആയതിന് സാക്ഷികൾ കൂടി ഒപ്പ് വെച്ചിരിക്കേണ്ടതുമാണ്. കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഇതാവശ്യമാണ്.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം-2/19-20തീയതി 23/10/2021 ) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള 3 സ്ഥാപനങ്ങൾക്ക് 2005 കാലയളവ് മുതലാണ് വാടക ഒഴിവാക്കി നൽകിയതെന്നാണ് വ്യക്തമാക്കിയത്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം നീതി മെഡിക്കൽ സ്റ്റോർ, VFPCK - വിപണി എന്നിവ പ്രവർത്തിക്കുന്ന കടമുറികൾ 2018-19 വർഷം മറ്റ് വാടകക്കാർ ഉപയോഗിച്ചിരുന്നതായി ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ നൽകിയ മറുപടി അംഗീകരിക്കാനാവില്ല. ഇപ്രകാരം 3 സ്ഥാപനങ്ങൾക്ക് വാടക ഒഴിവാക്കി നൽകിയിട്ടുള്ളത് ഏത് സാഹചര്യത്തിലെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ചുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. കൂടാതെ കരാർ ചമച്ചതിൽ ഉണ്ടായ അപാകതകളും പരിഹരിക്കേണ്ടതാണ്. പ്രസ്തുത അപാകതകൾ ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 തെരുവുവിളക്കുകളുടെ പരിപാലനം - പദ്ധതി നിർവ്വഹണം സുതാര്യമല്ല

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ആവിഷ്കരിച്ച പ്രോജക്ടിന്റെ നിർവ്വഹണം സുതാര്യമല്ല. ഇ ടെണ്ടർ മുഖേന സാധനങ്ങൾ വാങ്ങിയതിലും, കരാറുകാരൻ മുഖേന തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിലും ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.തെരുവുവിളക്കുകൾ വാങ്ങൽ

തെരുവുവിളക്കുകൾ വാങ്ങുന്നതിനായി 04.07.2019ൽ ടെണ്ടർ ക്ഷണിച്ചു. സ്മാർട്ട് ഹോം ഇലക്ട്രിക്, കലഞ്ഞൂർ എന്ന സ്ഥാപനം മാത്രമേ ടെണ്ടറിൽ പങ്കെടുത്തുള്ളൂ. ഇതേത്തുടർന്ന് 07.08.2019ൽ റീടെണ്ടർ നടത്തി. അഞ്ച് സ്ഥാപനങ്ങൾ ഇ ടെണ്ടറിൽ പങ്കെടുത്തു. ഇവയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്തത് കിക്കോ ബിസ്സിനസ് കോർപ്പറേഷൻ, അടൂർ എന്ന സ്ഥാപനമാണ്. എന്നാൽ ഹാർഡ് കോപ്പി സമർപ്പിക്കേണ്ട 14.08.2019ൽ ഹാർഡ് കോപ്പി ലഭ്യമാക്കിയത് സ്മാർട്ട് ഹോം ഇലക്ട്രിക് മാത്രമാണെന്ന് നോട്ട് ഫയലിൽ കാണുന്നു.

കിക്കോ ബിസ്സിനസ് കോർപ്പറേഷൻ, തൊട്ടടുത്ത പ്രവൃത്തിദിനമായ 16.08.2019ൽ ഹാർഡ് കോപ്പി സമർപ്പിച്ചിട്ടുണ്ട്. ഹാർഡ് കോപ്പി യഥാസമയം സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ, കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്ഥാപനത്തെ

ഒഴിവാക്കിയത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് അനുഗുണമായ തീരുമാനമല്ല.

സ്മാർട്ട് ഹോം ഇലക്ട്രിക്, കലഞ്ഞൂർ 15.07.2019ൽ ആദ്യം ക്വോട്ടു ചെയ്ത നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്കാണ് റീടെണ്ടറിൽ ക്വോട്ടു ചെയ്തത്. തെരുവുവിളക്ക് ഉപകരണങ്ങളുടെ എണ്ണം, ഇനം എന്നിവയിൽ വ്യത്യാസം വരുത്താതെ റീ ടെണ്ടർ ചെയ്തിട്ടും കേവലം ഒരു മാസത്തെ ഇടവേളയിൽ കൂടിയ റേറ്റ് ക്വോട്ടു ചെയ്തതിന്റെ കാരണം വ്യക്തമല്ല.

സ്മാർട്ട് ഹോം ഇലക്ട്രിക് ഉടമയോട് നിരക്ക് സംബന്ധിച്ച് നെഗോഷ്യേറ്റ് ചെയ്യാൻ തീരുമാനിച്ചതായി നോട്ട് ഫയലിൽ സെക്രട്ടറി എഴുതിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം നെഗോഷ്യേറ്റ് ചെയ്തതു സംബന്ധിച്ച മറ്റ് വിവരങ്ങൾ ലഭ്യമല്ല. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് ഉപയോഗിക്കാൻ തീരെ സാദ്ധ്യതയില്ലാത്ത, സോഡിയം വേപ്പർ ലാമ്പ് മുതലായ ഏതാനും ഇനങ്ങളുടെ മാത്രം നിരക്ക് അല്പം കുറയ്ക്കുകയും, എന്നാൽ ഏറ്റവും കൂടുതൽ ഉപയോഗിക്കേണ്ടിവരുന്ന എൽഇഡി ബൾബ്, ചോക്ക് മുതലായവയ്ക്ക് 15.07.2019ൽ ക്വോട്ടു ചെയ്തതിനെക്കാൾ ഉയർന്ന നിരക്കുതന്നെ നിർദ്ദേശിക്കുകയും ചെയ്യുന്ന കത്ത് 19.08.2019ൽ സ്മാർട്ട് ഹോം ഇലക്ട്രിക് നൽകിയിട്ടുണ്ട്. നിരക്കിലെ വ്യത്യാസം നിലനിൽക്കെത്തന്നെ ടി സ്ഥാപനത്തിന് 01.09.2019ൽ പർച്ചേസ് ഓർഡർ നൽകുകയും അതു പ്രകാരം ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. വളരെ കുറഞ്ഞ നിരക്ക് സമർപ്പിച്ച സ്ഥാപനത്തെ സാങ്കേതിക കാരണം പറഞ്ഞ് ഒഴിവാക്കി, കൂടിയ നിരക്ക് ക്വോട്ടുചെയ്ത സ്ഥാപനത്തിൽനിന്ന് ഉപകരണങ്ങൾ വാങ്ങിയതുമൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി. വിശദാംശം ചുവടെ.

| ഇനം | സ്മാർട്ട് ഹോം ഇലക്ട്രിക്കിൽനിന്ന് വാങ്ങിയത് (എണ്ണം) | റേറ്റ് | | അധികം ചെലവഴിച്ചത് |
|---|---|---|---|---|
| | | കിക്കോ | സ്മാർട്ട് ഹോം ഇലക്ട്രിക് | |
| ട്യൂബ് ലൈറ്റ് | 1120 | 32 | 40 | 8960 |
| കോപ്പർ ചോക്ക് | 864 | 132 | 178 | 39744 |
| സ്റ്റാർട്ടർ | 1360 | 6.8 | 10 | 4352 |
| സൈഡ് ഹോൾഡർ | 1000 | 5.4 | 9 | 3600 |
| 25വാട്ട് LED ബൾബ് | 2383 | 299 | 382 | 197789 |
| ലൈറ്റ് ഷേഡ് | 1200 | 39 | 45 | 7200 |
| 1.5അലൂമിനിയം വയർ | 206 | 207 | 292 | 17510 |
| ഇൻസുലേഷൻ ടേപ്പ് | 509 | 8.45 | 9 | 279.95 |
| PENDENT HOLDER | 1907 | 13.5 | 24 | 20023.5 |
| ആകെ | | | | 299458.45 |

ലഭിച്ച ടെണ്ടറുകൾ സംബന്ധിച്ച് 23.08.2019ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മറ്റി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ടെണ്ടറുകളിലെ നിരക്കുകൾ താരതമ്യം ചെയ്തിട്ടല്ല വാങ്ങലിന് അനുമതി നൽകിയത്. ഗ്രാമപഞ്ചായത്ത് കമ്മറ്റി 27.08.2019ൽ 2(ii)-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത വാങ്ങൽ അംഗീകരിച്ചിട്ടുണ്ട്.

ചെലവിന്റെ വിവരം

| തുക | ബിൽ നം./ചെക്ക് നം/തീയതി |
|---|---|
| 630000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 19050352013100605799/24.09.2019 |
| 229324 (തനതുഫണ്ട്) | 7791/18.11.2019 |
| 192333 (തനതുഫണ്ട്) | 7858/24.12.2019 |
| 7332 (തനതുഫണ്ട്) | 7859/24.12.2019 |

2.തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ, ഇലക്ട്രിക് പോൾ ഒന്നിന് ഏറ്റവും കുറഞ്ഞ തുകയായ225രൂപ നിരക്കിൽ ക്വോട്ടു ചെയ്ത് കരാർ സ്വന്തമാക്കിയത് ശ്രീ.മുഹമ്മദ് സാദിക്ക്, തേക്കുകാട്ടിൽ കട, ഏനാത്ത് എന്ന വ്യക്തിയാണ്. ഇദ്ദേഹത്തിന് ചുവടെ പറയും പ്രകാരം പ്രതിഫലം നൽകിയിട്ടുണ്ട്.

| ക്രമ നം. | റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം (കരാറുകാരൻ ലഭ്യമാക്കിയത്) | | | ആകെ | അർഹമായ പ്രതിഫലം | നൽകിയ തുക | ചെക്ക്നം./തീയതി |
|---|---|---|---|---|---|---|---|
| | 25W LED | 36W TUBE | 20W CFL | | | | |
| 1. | 691 | 653 | 0 | 1344 | 302400 | 250000 | 7753/30.10.2019 |
| | | | | | | 52400 | 2837831/30.10.2019 |
| | | | | | TOTAL | 302400 | |
| 2. | 901 | 584 | 0 | 1485 | 334125 | 320761 | 8619/05.02.2020 |
| | | | | | | 10023 | 8622/06.02.2020 |
| | | | | | | 3341 | 2837866/06.02.2020 |
| | | | | | TOTAL | 334125 | |
| 3. | 226 | 218 | 18 | 462 | 103950 | 103950 | 8720/31.03.2020 |
| ആകെ | 1818 | 1455 | 18 | 3291 | | 740475 | |

സ്മാർട്ട് ഹോം ഇലക്ട്രിക്കിൽനിന്ന് വാങ്ങിയതും മുന്നിരിപ്പും ഉൾപ്പെടെ, ചുവടെ പറയും പ്രകാരം തെരുവുവിളക്കുകൾ സ്റ്റോക്കിലുണ്ടായിരുന്നു. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം.140&141).

| ഇനം | മുന്നിരിപ്പ് | വാങ്ങിയ വിളക്കുകളുടെ വിവരം | | | | ആകെ |
|---|---|---|---|---|---|---|
| | | 06.09.2019 | 19.10.2019 | 03.12.2020 | 23.03.2020 | |
| 25W LED | 23 | 1200 | 360 | 382 | 441 | 2406 |
| 36W TUBE | 351 | 700 | 300 | 120 | | 1471 |
| 20W CFL | 272 | 0 | 0 | 0 | 0 | 272 |

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വിളക്കുകളുടെ വിതരണ വിവരങ്ങൾ കൃത്യമല്ലെന്നു കണ്ടു. ഓരോ തീയതിയിലും വിളക്കുകൾ ആരാണ് കൈപ്പറ്റിയതെന്ന് രജിസ്റ്ററിൽ എഴുതിയിട്ടില്ല. വാർഡ് മെമ്പർമാർ വിളക്കുകൾ കൈപ്പറ്റിയതിന്റെ ഏതാനും കൈപ്പറ്റുരസീതുകൾ മാത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കരാറുകാരൻ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചതായി വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് പ്രതിഫലം നൽകിയിട്ടുള്ളത്.

മുൻബാക്കി ഉൾപ്പെടെ മുഴുവൻ വിളക്കുകളും 31.03.2020ൽ ഉപയോഗിച്ചതായി സ്റ്റോക്ക് രജിസ്റ്ററിലെ കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ വിളക്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ കണക്കുകളും അറ്റകുറ്റപ്പണികൾ നടത്തിയ കരാറുകാരൻ പ്രതിഫലം ലഭിക്കുന്നതിനായി ഹാജരാക്കിയ കണക്കുകളും, വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രങ്ങളും പരിശോധിച്ചതിൽ, ഉപയോഗിച്ച വിളക്കുകളുടെ എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ.

| ഇനം | ഉപയോഗിച്ച വിളക്കുകൾ (മുന്നിരിപ്പ് ഉൾപ്പെടെ) (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം) | കരാറുകാരൻ കണക്ക് ലഭ്യമാക്കി, പ്രതിഫലം കൈപ്പറ്റിയത് | കുറവ് | കുറവുവന്ന വിളക്കുകളുടെ മൂല്യം |
|---|---|---|---|---|
| 25W LED | 2406 | 1818 | 588 | 214620 |
| 36W TUBE | 1471 | 1455 | 16 | 600 |
| 20W CFL | 272 | 18 | 254 | ലഭ്യമല്ല |
| ആകെ | 4149 | 3291 | 858 | |

മേൽ പട്ടിക പ്രകാരം 858 വിളക്കുകൾ സ്റ്റോക്കിൽ ബാക്കിയുണ്ടാകേണ്ടതായിരുന്നു. എന്നാൽ ഇവ വിതരണം ചെയ്തതിന്റെയോ ഉപയോഗിച്ചതിന്റെയോ വിവരം ലഭ്യമല്ല.

തെരുവുവിളക്കുകൾ വാങ്ങൽ, അറ്റകുറ്റപ്പണികൾക്കുള്ള കരാർ എന്നിവ സംബന്ധിച്ച നോട്ട് ഫയലിൽ സെക്ഷൻ ക്ലർക്കും സെക്രട്ടറിയും തീയതി രേഖപ്പെടുത്തിയിട്ടില്ല. സെക്ഷൻ ക്ലർക്ക് തയ്യാറാക്കിയ നോട്ട് ഒന്നുംതന്നെ മേൽനോട്ടച്ചുമതലയുള്ള ജൂനിയർ സൂപ്രണ്ടിന് സമർപ്പിച്ചിട്ടില്ല.

അപാകതകൾ 28.10.2021ൽ ഓഡിറ്റ് എൻക്വയറി (നം.9) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഇ ടെണ്ടർ മുഖേന സാധനങ്ങൾ വാങ്ങിയതിലും, കരാറുകാരൻ മുഖേന അറ്റകുറ്റപ്പണികൾ നടത്തിയതിലും ഉണ്ടായ അപാകതകൾ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

## 1-13 ലേല തുകക്ക് ജി.എസ്.ടി ഈടാക്കിയില്ല

ജി.ഒ (പി) നം- 87/2017/ത.സ്വ.ഭ.വ തീയതി 11-07-2017 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലേലം പിടിക്കുന്നവരിൽ നിന്നും ലേല തുകയോടൊപ്പം 18% ജി.എസ്.ടി കൂടി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20സാമ്പത്തിക വർഷം പ്രസ്തുത നിർദ്ദേശം പാലിച്ചില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേലക്കാരന്റെ പേര് | ലേലം കൊണ്ട സ്ഥാപനത്തിന്റെ പേര് | ലേല തുക | ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|
| 1 | പൊന്നമ്മ രവിമംഗലത്ത് കലഞ്ഞൂർ | കലഞ്ഞൂർ മാർക്കറ്റ് സ്റ്റാൾ നമ്പർ-1 | 1438 | 259 |
| 2 | ഷെരീഫ് ചീയംപറമ്പിൽ കലഞ്ഞൂർ | കലഞ്ഞൂർ മാർക്കറ്റ് സ്റ്റാൾ നമ്പർ-2 | 1351 | 243 |
| 3 | ബാലചന്ദ്രൻ നായർ രാജേഷ് ഭവനം കലഞ്ഞൂർ | കലഞ്ഞൂർ മാർക്കറ്റ് സ്റ്റാൾ നമ്പർ-3 | 1621 | 292 |
| 5 | ഹക്കിം തായുള്ളത്തിൽ നെടുമൺ | കൂടൽ മാർക്കറ്റ് സ്റ്റാൾ | 80000 | 14400 |
| 6 | അഷറഫ് തട്ടക്കാട്ട് മണ്ണിൽ ഇടത്തറ | കൂടൽ മാർക്കറ്റ് മീറ്റ് സ്റ്റാൾ | 625000 | 112500 |
| | | | ആകെ | 127694 |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം- 5/19-20 തീയതി 23/10/2021 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ലേലതുകക്ക് വാടകക്കാരിൽ നിന്നും ജി.എസ്.ടി ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ഒടുക്കുവരുത്തി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ

27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-20017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയെങ്കിലും പ്രസ്തുത അക്കൗണ്ടിലേക്ക് ഇ ടെണ്ടർ ഫീ നാളിതുവരെ ക്രഡിറ്റ് ചെയ്ത് തുടങ്ങിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2019-20 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശവും തിരികെ ലഭിച്ച തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെഎണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2015-16 | 63 | 110520 | 0 | 110520 |
| 2016-17 | 53 | 162090 | 0 | 162090 |
| 2017-18 | 35 | 60690 | 0 | 60690 |
| 2018-19 | 168 | 253954 | 0 | 253954 |
| 2019-20 | 144 | 308832 | 0 | 308832 |
| ആകെ | 463 | 896086 | 0 | 896086 |

2015-16 മുതൽ 19-20 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (02/20-10-21) മറുപടിയിൽ ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർഫീ യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ഈയിനത്തിൽ 896086/- രൂപ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ള തുകയായി പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 3.48കോടി രൂപ ലാപ്സാക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 78401264 രൂപ വകയിരുത്തി 267 പ്രോജക്റ്റുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 99 പ്രവൃത്തികൾ സ്പിൽ ഓവറും 168 എണ്ണം തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തിയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 179എണ്ണം ഭാഗീകമായി/പൂർണ്ണമായി പൂർത്തീകരിച്ചുവെങ്കിലും 93 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 04-02-2020 മുതൽ 31-03-20 വരെ സമർപ്പിച്ച 87 ബിൽ (ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളത് സഹിതം) തൻ വർഷം മാറി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 88 പ്രവൃത്തികൾ നടപ്പാക്കിയില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാകുന്ന പ്രവണത ആശാസ്യമല്ല. സാങ്കേതിക വിഭാഗത്തിന്റെ വീഴ്ച്ചയും കരാറുകാരുടെയും അനാസ്ഥയും മൂലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ബിൽ മാറാഞ്ഞതു കാരണം പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വകയിരുത്തുന്ന തുക ചെലവഴിക്കാതെ കോടികൾ ലാപ്സാകുന്നു. ഇത് സംബന്ധിച്ച് മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ലഭ്യമാക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നതിന്റെ ഗൗരവം എൽ.എസ്.ജി.ഡി പൊതുമരാമത്ത് വിഭാഗം വേണ്ടത്ര ഉൾക്കൊണ്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്കരിച്ച പദ്ധതി | അടങ്കൽ തുക | നടപ്പാക്കിയതും തുക ചെലവഴി ച്ചിട്ടുള്ളതുമായ പദ്ധതി | ചെലവഴിച്ച തുക | ട്രഷറി ക്യൂവിലായ ബിൽ | ലാപ്സായ ബിൽ തുക | ലാപ്സാകാത്ത അടങ്കൽ | ലാപ്സായ അടങ്കൽ |
|---|---|---|---|---|---|---|---|
| 267 | 78401264 | 93 | 23008569 | 87 | 16343090 | 20572776 | 18476829 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ ക്യൂവിലായതുമൂലവും പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 34819919 രൂപ

2019-20 ൽ ലാപ്സാക്കി. മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയും അല്ലാതെയും പദ്ധതി പ്രവർത്തനം നീട്ടിക്കൊണ്ടുപോകുകയും മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് കൂടുതൽ ബില്ലുകൾ സമർപ്പിക്കുകയും ട്രഷറി നിയന്ത്രണം മൂലം കൃവിലാവുകയും തുക ചെലവഴിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. മുൻ വർഷങ്ങളിൽ ഈ അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടും ആയതിന് പരിഹാര നടപടികൾ ഉണ്ടായിട്ടില്ല. നിർമ്മാണ വേളയിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം നൽകുന്നതിനുള്ള കാലതാമസവും മോണിട്ടറിംഗ് സമിതിയുടെ മേൽ നോട്ടത്തിലുള്ള അഭാവവും കരാറുകാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയും മൂലം മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 3.48കോടി രൂപ തൻവർഷം ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(06/25-10-21) ലഭ്യമാക്കിയ മറുപടിയിൽ 2019 ലെ മഴക്കെടുതിയും 2019 ഒക്ടോബർ മാസം കോന്നി അസംബ്ലി മണ്ഡലം ബൈ ഇലക്ഷന്റെ പെരുമാറ്റച്ചട്ടം നിലവിൽവന്നതിനാൽ ടെണ്ടർ നടപടികൾക്ക് കാലതാമസം ഉണ്ടായതായും 33 പ്രവൃത്തികൾക്ക് DPC അംഗീകാരം ലഭിച്ചത് 08-03-2020 ലാണെന്നും കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ ലോക് ഡൗൺ ആയതിനാൽ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം മൂലവും പല മരാമത്ത് പ്രവൃത്തികളും മാർച്ച 31 നകം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും തൻമൂലം പദ്ധതി പ്രവൃത്തികൾക്ക് വക കൊള്ളിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞില്ലെന്നും അസി.എഞ്ചിനിയർ അറിയിച്ചു. സാങ്കേതിക വിഭാഗം ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ഏറെക്കുറെ ശരിയാണെങ്കിലും 3.48കോടി രൂപ നഷ്ടമായെന്നുള്ളത് സ്പഷ്ടമാണ്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല. ഫണ്ട് ലാപ്സാകുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിലുള്ള അഭാവവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക പദ്ധതി യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും കരാറുകാർ സമയ ബന്ധിതമായി പ്രവൃത്തി നടപ്പാക്കാതെ നിർവ്വഹണ ഘട്ടത്തിൽ കാട്ടുന്ന അനാസ്ഥയും സാങ്കേതിക വിഭാഗത്തിലെ സ്റ്റാഫ് പരിമിതമായതും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം അനന്തമായി നീളുന്നതിന് ഇടയാകുന്നുണ്ട്. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-16 പ്രവൃത്തിക്കാത്ത കുടുംബശ്രീ കഫേക്ക് അടുക്കളയും അനുബന്ധ സൗകര്യങ്ങളും നിർമ്മിച്ചു നൽകിയത് - പാഴ്ച്ചെലവ്

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബശ്രീ കഫേ പുനരുദ്ധാരണം(411/19, 365/20) |
| അടങ്കൽ | 200000 വികസന ഫണ്ട്(പൊതു വിഭാഗം) |
| കരാറുകാരൻ | വിനായക് .വി. |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.1% കുറവ് |
| എം.ബുക്ക് നം. | 91/18-19 |
| പ്രവൃത്തിമൂല്യം | 199923 |
| ബിൽ നം./ ചെക്ക് നം./തീയതി തുക | 1390107155/20-01-20 , 199723 |

നിലവിൽ പ്രവൃത്തിക്കാത്ത കുടുംബ ശ്രീ കഫേക്ക് പുനരുദ്ധാരണം എന്ന പേരിൽ അടുക്കള നിർമ്മിച്ചു നൽകിയത് ക്രമ വിരുദ്ധവും പാഴ്ച്ചെലവുമാണ്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായുള്ള കെട്ടിടത്തിൽ കുടുംബശ്രീ കഫേ തുടങ്ങുന്നതിന് സെക്രട്ടറിയുമായി കരാറിലേർപ്പെട്ടതിന്റെയോ പ്രസ്തുത കുടുംബശ്രീ യൂണിറ്റിൽ നിന്നും വാടക ഈടാക്കിയതിന്റെയോ രേഖകളില്ല.

ഗ്രാമ പഞ്ചായത്തിലെ 16ാം വാർഡിൽ മുമ്പ് മാർക്കറ്റ് പ്രവൃത്തിച്ചിരുന്ന ഗ്രാമ പഞ്ചായത്ത് വക സ്ഥലത്ത് ഒറ്റമുറിയിൽ പ്രവൃത്തിച്ചിരുന്ന കുടുംബശ്രീ കഫേക്ക് അടുക്കള നിർമ്മിച്ച് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് ടി പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 2018-19 ലെ വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച ടി പദ്ധതിക്കായി ശ്രീ. വി.വിനായകിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 08-03-19 ൽ അസി.എഞ്ചിനിയറുമായി കരാറിലേർപ്പെട്ട് 18-05-19 ൽ പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലുപ്രകാരം കരാറുകാരന് 195729 രൂപ നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് നിലവിലുണ്ടായിരുന്ന ഒറ്റമുറി കെട്ടിടം ഗ്രാമ പഞ്ചായത്ത് ഏത് വർഷം നിർമ്മിച്ച് നൽകിയതാണെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചെന്നുമുള്ള വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണ കുറിപ്പ് (08/27-10-21) നൽകിയിരുന്നെങ്കിലും അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല.

സ.ഉ (കൈ) നം.11/2018/ത.സ്വ.ഭ.വ/29-01-18 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ കുടുംബശ്രീ സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനോ ആയതിന്റെ പുനരുദ്ധാരണം ഏറ്റെടുക്കുന്നതിനോ നിർദ്ദേശമില്ല. ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ കുടുംബശ്രീ മുഖേന കഫേ തുടങ്ങുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ

ആസ്തിയായി കെട്ടിടം നിർമ്മിച്ച നൽകിയിട്ടുള്ളതാണെങ്കിൽ കുടുംബശ്രീയുമായി കരറിലേർപ്പെട്ട് വാടക നിശ്ചയിച്ച് നൽകേണ്ടതായിരുന്നു. ആയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ടി പദ്ധതി കൂടാതെ 2019-20 ൽ 200000 രൂപ വികസന ഫണ്ട് വകയിരുത്തി കുടുംബശ്രീ കഫേക്ക് അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (414/20) എന്ന പേരിൽ മറ്റൊരു പ്രോജക്ട് കൂടി ആവിഷ്കരിച്ചിട്ടുണ്ട് . തൻവർഷം നടപ്പാക്കാഞ്ഞതിനാൽ 2020-21 ൽ സ്പിൽ ഓവർ പ്രോജക്ടായി (452/21) 199628 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബശ്രീ കഫേ കെട്ടിടത്തിന് സൗകര്യം വർദ്ധിപ്പിക്കൽ(414/20, 452/21) |
| അടങ്കൽ | 200000/- DF(Gel) |
| കരാറുകാരൻ | വിനായക് വി. |
| ടെണ്ടർ തുക | 178239 (GST കൂടാതെ) |
| എം.ബുക്ക് നം. | 125/20-21, 126/20-21 |
| പ്രവൃത്തിമൂല്യം + GST 12% | 199628 |
| ബിൽ നം./ ചെക്ക് നം./തീയതി തുക | 13901439317/30-03-21 , 199628 |

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയ ടി പദ്ധതിയിൽ പുകയില്ലാത്ത അടുപ്പ് , ടൈൽ ഇടീൽ, മുൻവശം നീട്ടി റൂഫിംഗ് നടത്തൽ , പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്.

പ്രവൃത്തിക്കാത്ത കുടുംബശ്രീ കഫേക്കു വേണ്ടി ടി രണ്ട് പദ്ധതികളിലായി 399951 രൂപ ചെലവഴിച്ചത് നിലവിൽ പാഴ്ച്ചെലവായിരിക്കുകയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മേൽ നമ്പരിലുള്ള അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടി തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്ത് വികസനഫണ്ട് പാഴ്ച്ചെലവാക്കിയത് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിന് വകുപ്പ് തല നടപടിക്ക് ശുപാർശ ചെയ്യുന്നു.

## 1-17 മുള്ളൻചാൽ കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ് - പുതിയ മോട്ടർ സ്ഥാപിക്കുന്നതിന് വേണ്ടി വന്ന ചെലവ് മുൻ ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | മുള്ളൻ ചാൽ കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ്(306/17-18, 355/19, 292/20) |
| അടങ്കൽ | 190000 വികസന ഫണ്ട് (Scp) – 100000<br>Block Share - 90000 |
| കരാറുകാരൻ | D. കൃഷ്ണൻകുട്ടി |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| എം.ബുക്ക് നം. | 48/18-19 |
| പ്രവൃത്തിമൂല്യം | 179903 |
| ബിൽ നം./ ചെക്ക് നം./തീയതി തുക | 13900386135/15-07-19, 89903<br>2072122/31-03-19, 90000 |

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 10 വർഷം മുമ്പ് നടപ്പിലാക്കി ഗ്രാമ പഞ്ചായത്തിന് കൈമാറിയ ടി കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസിനായി 2017-18 ലെ വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച മെയിന്റനൻസ് പദ്ധതിക്കായി 26-12-18 ൽ ശ്രീ. D. കൃഷ്ണൻകുട്ടി അസി.എഞ്ചിനിയറുമായി കരാറിലേർപ്പെട്ട് 15-03-19 ൽ പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബില്ലുപ്രകാരം കരാറുകാരന് 176305 രൂപ നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് കൈമാറിയ ടി പദ്ധതിയുടെ അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗയോഗ്യമല്ലാതെ കിടന്ന അവസ്ഥയിൽ ഗുണഭോക്തൃസമിതിയെ പിരിച്ചു വിട്ടതുമൂലമാണ് ഗ്രാമ പഞ്ചായത്ത് മെയിന്റനൻസ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.

എസ്റ്റിമേറ്റ് അനുസരിച്ച് ഡിസ്ട്രിബ്യൂഷൻ ലൈൻ, ടാപ്പ് പോസ്റ്റ് സ്ഥാപിക്കൽ, 2000 ലിറ്ററിന്റെ PVC വാട്ടർ ടാങ്ക് , 3 HP മോട്ടർ, സ്റ്റോപ്പ് കോക്ക്, നോൺ റിട്ടേൺ വാൽവ് സ്ഥാപിക്കൽ, ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. അളവ് പുസ്തകം അനുസരിച്ച് ഇലക്ട്രിക്ക് ലൈൻ എക്സ്റ്റെൻഷൻ ഒഴിച്ച് ബാക്കി ഇനങ്ങൾ ചെയ്തിട്ടുണ്ട്. ഇലക്ട്രിക് കണക്ഷന് ആവശ്യമായ തുക വാർഡ് മെമ്പർ കരാറുകാരനെക്കൊണ്ട് അടപ്പിച്ച് ഇലക്ട്രിക്ക് കണക്ഷൻ പുനസ്ഥാപിച്ചതാണെന്നും ആയതിന്റെ ബിൽ സമർപ്പിക്കാഞ്ഞതിനാൽ കരാറുകാരന് പ്രസ്തുത തുക

നൽകിയട്ടില്ലെന്നും അസി.എഞ്ചിനിയർ അറിയിച്ചു. ടി പദ്ധതിക്ക് നിലവിൽ ഉണ്ടായിരുന്ന മോട്ടറിന്റെ അവസ്ഥ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (03/22-10-21) ലഭ്യമാക്കിയ മറുപടിയിൽ കേടായ മോട്ടോർ തുരുമ്പെടുത്ത് പോയി എന്നാണ് വാർഡ് മെമ്പറും സ്ഥലവാസികളും അറിയിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ആയത് അന്വേഷണ വിധേയമാക്കേണ്ടതാണ്. നിലവിൽ ഗുണഭോക്തൃ സമിതി രൂപീകരിച്ച് പദ്ധതിയുടെ പരിപാലനം നടന്നു വരുന്നതായും നിലവിലെ വാർഡ് മെമ്പർ ഓഡിറ്റ് വേളയിൽ അറിയിച്ചു. പദ്ധതിയുടെ തുടക്കത്തിൽ രൂപീകരിച്ച ഗുണഭോക്തൃ സമിതി പദ്ധതി വേണ്ടവിധം പരിപാലിക്കാതിരുന്നത് മൂലമാണ് നിലവിലുണ്ടായിരുന്ന മോട്ടോർ നശിച്ചതെങ്കിൽ ആയത് പുനസ്ഥാപിക്കുന്നതിന് വേണ്ടി വന്ന ചെലവ് പ്രസ്തുത കമ്മിറ്റിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

## 1-18 നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2019-20 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തിയതിന് ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|
| 1 | ഏറത്ത് തെക്കേക്കര പറയൻകോട് റോഡ് റീകോൺക്രീറ്റിംഗ് (235/19, 332/20)<br>കരാറുകാരൻ : സജിമോൻ വൈ.<br>PAC തുക : 399759/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900342702/15-07-19<br>399719/- | 30-10-18 | 28-11-18 | 3998 |
| 2 | കരിംകുട്ടക്ക വകയാർ മണ്ണിൽ റോഡ് സൈഡ് ഐറിഷ്(89/19, 297/20)<br>കരാറുകാരൻ : വിനായക് വി.<br>PAC തുക : 599300/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>1905035203900402534/29-07-19<br>555436/- | 15-01-19 | 06-02-19 | 5993 |

| | | | | | | |
|---|---|---|---|---|---|---|
| | 3 | കൂടൽ പയറ്റുകാല റോഡ് പുനരുദ്ധാരണം( 220/19, 328/20)<br>കരാറുകാരൻ : അമ്പിളിധരൻനായർ<br>PAC തുക : 249954/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900679915/14-10-19<br>249904/- | 15-01-19 | 23-02-19 | 2500 | |
| | 4 | മുള്ളൻചാൽ ശശിപ്പടി നടപ്പാത (173/20)<br>കരാറുകാരൻ : സുബിൻ പി. വി.<br>PAC തുക : 99892/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>ചെക്ക് നം008738/04-04-20<br>94911/- | 16-12-19 | 23-01-20 | 1000 | |
| | 5 | പുന്നമൂട് പാൽപ്പുരപ്പട റോഡ് കോൺക്രീറ്റിംഗ്(219/20)<br>കരാറുകാരൻ : സുബിൻ.P.V<br>PAC തുക : 64971/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>ചെക്ക് നം008737/04-04-20<br>60978/- | 16-12-19 | 23-01-20 | 1000 | |
| | 6 | വാകപ്പാറ വെട്ടത്തേത്ത് പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം(46/20)<br>കരാറുകാരൻ : ഷിബു ഇ. ശാമുവൽ<br>PAC തുക : 244492/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>ചെക്ക് നം.2837882/12-03-20<br>211139/- | 16-12-19 | 07-01-20 | 2445 | |
| | 7 | ഇഞ്ചപ്പാറ കരിംകുടുക്ക റോഡ് കോൺക്രീറ്റിംഗ്(238/20)<br>കരാറുകാരൻ : അമ്പിളിധരൻനായർ<br>PAC തുക : 99528/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>ചെക്ക് നം.008722/31-03-20<br>83572/- | 16-12-19 | 31-12-19 | 1000 | |
| | 8 | മുള്ളൻചാൽ കോളനി കുടിവെള്ള പദ്ധതി(306/18,355/19, 292/20)<br>കരാറുകാരൻ : കൃഷ്ണൻകുട്ടി ഡി.<br>PAC തുക : 189903<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900386135/26-07-19 | 30-10-18 | 26-12-18 | 1899 | |

| | | | | | | |
|---|---|---|---|---|---|---|
| | | 89903/-<br>ചെക്ക് നം.207222/31-03-19<br>90000/- | | | | |
| | 9 | BSNL ടവർ റോഡ് ചപ്പാത്ത് നിർമ്മാണം (201/20)<br>കരാറുകാരൻ : ഷിബു ഇ. ശാമുവൽ<br>PAC തുക : 99698<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900/16-12-19<br>97464/- | 16-12-19 | 06-01-20 | 1000 | |
| | 10 | ചക്കിട്ട സി.പി റോഡ് ഐറിഷ്(388/19, 347/20)<br>കരാറുകാരൻ : ഹരീഷ് കുമാർ ജെ.<br>PAC തുക : 99865<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900976555/21-12-19<br>99366/ | 18-02-19 | 07-03-19 | 1000 | |
| | 11 | വാകപ്പാറ മണ്ണിൽപ്പടി റോഡ് കോൺക്രീറ്റിംഗ്(82/20)<br>കരാറുകാരൻ : ഷിബു ഇ. ശാമുവൽ<br>PAC തുക : 149755<br>ഫൈനൽ ബിൽ നം./തീയതി /തുക<br>190503520139015144589/25-01-20<br>127739/ | 16-12-19 | 06-01-20 | 1498 | |
| | 12 | കുരുമ്പേലിവിള റോഡ് സൈഡ് കെട്ട്(127/19, 302/20)<br>കരാറുകാരൻ : അമ്പിളിധരൻ നായർ<br>PAC തുക : 177711/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013901187596/31-01-20<br>128192/-<br>19050352013901187404/31-01-20<br>48000/- | 18-12-19 | 07-03-19 | 1777 | |
| | 13 | മടയന്തറ കനാൽ റോഡ് കോൺക്രീറ്റിംഗ് (342/19, 243/20)<br>കരാറുകാരൻ : കുസുമൻ.എ<br>PAC തുക : 199763/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>1905035203900190014/05-04-19<br>198764/ | 19-01-19 | 15-02-19 | 1998 | |
| | 14 | തറമേൽപ്പടി വലിയകോൺ റോഡ് മെയിന്റനൻസ് & ഐറിഷ് | 30-10-18 | 15-11-18 | 1999 | |

| | | | | | | |
|---|---|---|---|---|---|---|
| | | (249/19, 335/20)<br>കരാറുകാരൻ : അമ്പിളിധരൻനായർ<br>PAC തുക : 199893/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900462799/17-08-19<br>199583/- | | | | |
| | 15 | ഒറ്റക്കമുകിനാൽ റോഡ് റീടാറിംഗ്(<br>204/19, 325/20)<br>കരാറുകാരൻ : അമ്പിളിധരൻനായർ<br>PAC തുക : 399713/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900473156/20-08-19<br>394199/- | 30-10-18 | 26-11-18 | 3997 | |
| | 16 | അതിരുങ്കൽ LPS<br>മെയിന്റനൻസ്(200/18, 308/19,<br>283/20)<br>കരാറുകാരൻ : സേതുകുമാർ<br>PAC തുക : 699925/-<br>പാർട്ട് ബിൽ നം./തീയതി /തുക<br>18050352013900875800/29-11-18<br>380489/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900423201/06-08-19<br>231662/- | 07-02-18 | 27-03-18 | 6999 | |
| | 17 | കുരിശുംമൂട് കൈലാസക്കുന്ന് റോഡ്<br>റീടാറിംഗ് & ഐറിഷ്(73/19,<br>294/20)<br>കരാറുകാരൻ : കൃഷ്ണൻകുട്ടി ഡി.<br>PAC തുക : 399614/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900342713/15-07-19<br>399614/- | 30-10-18 | 26-12-18 | 3996 | |
| | 18 | തിടിമുരുപ്പേൽ ഭാഗം<br>ഐറിഷ്(248/19, 245/20)<br>കരാറുകാരൻ : അജയകുമാർ.എൻ<br>PAC തുക : 99992/-<br>19050352013900190015/05-04-19<br>99492/- | 30-10-18 | 29-01-19 | 1000 | |
| | 19 | പടയണിപ്പാറ ഇരുട്ടുതറ റോഡ്<br>സംരക്ഷണഭിത്തി നിർമ്മാണം<br>(137/19, 306/20)<br>കരാറുകാരൻ : അമ്പിളിധരൻനായർ | 30-10-18 | 26-11-18 | 3998 | |

| | | | | |
|---|---|---|---|---|
| | ജെ.<br>PAC തുക : 399783/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900402527/29-07-19<br>398883/ | | | |
| 20 | മല്ലൻകുഴ അമ്പൊളിൽ റോഡ് റീകോൺക്രീറ്റിംഗ് (185/19, 316/20)<br>കരാറുകാരൻ : കുസുമൻ.എ<br>PAC തുക : 199790/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900309679/05-07-19<br>198791/ | 18-02-19 | 07-03-19 | 1998 |
| 21 | ആറേക്കർ തടത്തിൽ റോഡ് സൈഡ് വാൾ(197/19, 372/20)<br>കരാറുകാരൻ : ഷിബു ഇ. ശാമുവൽ<br>PAC തുക : 199478/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900342707/15-07-19<br>176538/ | 15-01-19 | 08-03-19 | 1995 |
| 22 | PR ജം. കുരിശംമൂട് റോഡ് ഐറിഷ്(97/19, 249/20)<br>കരാറുകാരൻ : ശാന്തകുമാർ.കെ<br>PAC തുക : 299809/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900039213/05-04-19<br>299809/ | 30-10-18 | 31-12-18 | 2998 |
| 23 | വായനശാലപ്പടി കല്ലറേത്ത് റോഡ് ഐറിഷ്( 142/19, 307/20)<br>കരാറുകാരൻ : ശശിധരകുറുപ്പ്<br>PAC തുക : 424102/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900342690/15-07-19<br>423975/ | 01-08-18 | 30-08-18 | 4241 |
| 24 | എളിയമൂല മഞ്ഞപ്പഴകോൺ പാങ്ങോട് റോഡ് റീടാറിംഗ് ( 69/19, 293/20)<br>കരാറുകാരൻ : അമ്പിളിധരൻ നായർ<br>PAC തുക : 449514/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900473153/20-08-19<br>443712/- | 30-10-18 | 26-11-18 | 4495 |

| | | | | |
|---|---|---|---|---|
| 25 | പോത്തുപാറ ചേലമൺ റോഡ് കോൺക്രീറ്റിംഗ്( 177/19, 315/20)<br>കരാറുകാരൻ : അമ്പിളിധരൻ നായർ<br>PAC തുക : 99753/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>1905035201390040 2529/29-07-19<br>99733/- | 30-10-18 | 15-11-18 | 1000 |
| 26 | പല്ലാനിപ്പടി ഉദയംകോട് റോഡ്1 സൈഡ് വാൾ(153/19, 313/20)<br>കരാറുകാരൻ : ആർ. ശശിധരൻ പിള്ള<br>PAC തുക : 449644/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19050352013900342694/15-07-19<br>449194/- | 30-10-18 | 19-11-18 | 4496 |
| | ആകെ | | | 70320 |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/30-10-21) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ടി കരാറുകാർക്കും പിഴ ചുമത്തി കരാർ വയ്പ്പിക്കാഞ്ഞത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. പ്രസ്തുത നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കാലി ബാരൽ വിലയും ജി.എസ്.ടിയും ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനും റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കിയിരുന്നില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238 രൂപയും നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% ഉം കണക്കാക്കി ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തികളുടെ കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയിരുന്നില്ല.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST | GST 18% | ആകെ |
|---|---|---|---|---|---|
| 1. | പുലത്ത് പടി സബ് സ്റ്റേഷൻ റോഡ് റീടാറിംഗ് & ഐറിഷ്(186/19, 317/20)<br>അടങ്കൽ തുക: 1200000 (MG Road)<br>കരാറുകാരൻ : എ. ജോസ്<br>പാർട്ട് ബിൽ നം./ തീയതി/തുക:<br>18050352013901350749/12-03-19<br>91425/-<br>ഫൈനൽ ബിൽ നം./ | 17 | 4046 | 728 | 4774 |

| | | | | | | |
|---|---|---|---|---|---|---|
| | തീയതി/തുക:<br>19050352013900386128/26-07-19<br>293484/- | | | | | |
| 2. | കട്ടുവണ്ണൂർ റോഡ് റീടാറിംഗ്& ഐറിഷ് ഡ്രയിൻ(370/19, 339/20)<br>അടങ്കൽ തുക: 490000(MG Road)<br>കരാറുകാരൻ : A.ജോസ്<br>18050352013901350753/12-03-19<br>248519/-<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19050352013900386122/26-07-19<br>250384/- | 26 | 6188 | 1114 | 7302 | |
| 3 | കുരിശുംമൂട് കൈലാസക്കുന്ന് റോഡ് റീടാറിംഗ്(73/19, 294/20)<br>അടങ്കൽ തുക: 400000(MG Road)<br>കരാറുകാരൻ : D.കൃഷ്ണൻകുട്ടി<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19050352013900342713/15-07-19<br>399614/- | 14 | 3332 | 600 | 3932 | |
| | ആകെ | | 13566 | 2442 | 16008 | |

കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കാതെ ഫൈനൽ ബിൽ തുക നൽകിയത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി 13566 രൂപ സഞ്ചിത നിധിയിലേക്കും 2442 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ശേഷം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. (രസീത് നം. 121010103043/02-11-21, 3932/-, 121010102988/ 02-11-21, 4774/-, 121010102989/02-11-21, 7302/-). പ്രസ്തുത തുക സഞ്ചിത നിധിയിലേക്കും ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 കാലി ബാരൽ വിലയുടെ ജി.എസ്.ടി ഈടാക്കിയത് ചരക്ക് സേവന നികുതി വകുപ്പിലേക്ക് ഒടുക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില ഈടാക്കിയതിനോടൊപ്പം ജി.എസ്.ടി ഈടാക്കിയിരുന്നില്ല. പ്രസ്തുത വിവരം ഓഡിറ്റ് എൻക്വയറി(13/29-10-21, 18/30-10-21) മുഖേന അസി. എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ബന്ധപ്പെട്ട കരാറുകാരൻ രണ്ടു രസീതുകളിലായി പ്രസ്തുത തുക ഒടുക്ക് വരുത്തി. രസീത് നം. 121010102936/30-10-2021 പ്രകാരം 985 രൂപയും രസീത് നം. 121010102952/01-11-2021 പ്രകാരം 1028 രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST | ഈടാക്കിയ ബാരൽ വില @238/E | കുറവ് |
|---|---|---|---|---|---|
| 1. | ഒറ്റ കമുകിനാൽ റോഡ് റീടാറിംഗ്(204/19, 325/20) | 23 | 5474+985= | 5474 | 985 |

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ തുക: 400000 (MG Road)<br>കരാറുകാരൻ : അമ്പിളിധരൻനായർ<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19050352013900473156/20-08-19<br>394199/- | | 6459 | | | |
| 2 | എളിയമൂല മഞ്ഞപ്പഴകോൺ പാങ്ങോട് റോഡ് റീടാറിംഗ്(69/19, 293/20)<br>അടങ്കൽ തുക: 450000 (MG Road)<br>കരാറുകാരൻ : അമ്പിളിധരൻനായർ<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19050352013900473153/20-08-19<br>443712/- | 24 | 5712+1028= 6740 | 5712 | 1028 | |
| | | 47 | 13199 | 11186 | 2013 | |

ജി.എസ്.ടി ഇനത്തിൽ ഈടാക്കിയിട്ടുള്ള ടി 2013/- രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-21 പൊതു ശ്മശാനം യാഥാർത്ഥ്യമായില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരമുള്ള ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ 18-ാമതായി ഉൾപ്പെടുത്തിയിട്ടുള്ളത് ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചുമതലയാണ്. ടി നിയമം നിലവിൽ വന്ന് 27 വർഷം കഴിഞ്ഞിട്ടും ഗ്രാമ പഞ്ചായത്തിൽ പൊതു ശ്മശാനം യാഥാർത്ഥ്യമായിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റിയുടെ 29-06-18 ലെ 1 (4)ാം നം. തീരുമാന പ്രകാരം കലഞ്ഞൂർ വില്ലേജിൽ ബ്ലോക്ക് 33 ൽ 223/4 സർവ്വേ നമ്പരിൽ ഉൾപ്പെട്ട ഹാരിസ് വിലാസത്തിൽ ഷംല ബീവിയുടെ 20.25 ആർ വസ്തു വാങ്ങുന്നതിന് തീരുമാനിക്കുകയും ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ടി വസ്തു വാങ്ങുന്നതിന് കഴിയാത്ത സാഹചര്യത്തിൽ ജനപങ്കാളിത്തത്തോടെ വസ്തു വാങ്ങുന്ന ആവശ്യത്തിലേക്കായി പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി സംഘാടക സമിതി രൂപീകരിക്കുകയും ജനകീയ ധനസമാഹരണത്തിന്റെ ഫലമായി സർക്കാർ ഫണ്ട് ഉപയോഗിക്കാതെ തന്നെ വസ്തു വാങ്ങി ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. 16-07-19 ൽ 739/1/2019ാം നമ്പരായി ഏനാദിമംഗലം സബ് രജിസ്ട്രാർ ഓഫീസിൽ ടി വസ്തു രജിസ്റ്റർ ചെയ്തിട്ടുള്ളതായും, ഇവിടെ ആധുനിക ശ്മശാന നിർമ്മാണം ആരംഭിക്കുന്നതിലേക്കായി സ്ഥലപരിശോധന നടത്തി അനുയോജ്യതാ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുന്നതിനും 22.07.19 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചതായും മിനിട്ട്സ് പരിശോധിച്ചതിൽ കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ പ്രസ്തുത തീരുമാന പ്രകാരം അനുയോജ്യതാ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോയെന്നും ടി വസ്തു ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും പേരിൽ കൂട്ടി കരം ഒടുക്കിയിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണ കുറിപ്പ് (21/01-11-2021) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി വസ്തു വാങ്ങിയിട്ടും ആധുനിക ശ്മശാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല. പഞ്ചായത്ത് അധികൃതരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-22 ബാലസഭ - അധികം തുക ചെലവഴിച്ചു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി 2019-20 സാമ്പത്തികവർഷം ബാലസഭ പ്രവർത്തനത്തിന് 48540 രൂപ (ബിൽ നമ്പർ-08/19-20/04.02.2020) ചെലവഴിച്ചിട്ടുണ്ട്. ദ്വിദിന പരിശീലന ക്യാംപിന്റെ ഭാഗമായി വ്യക്തിത്വ വികസന ക്ലാസ്സ്, ചിത്രരചനാ പരിശീലനം, മാനസികോല്ലാസത്തിനും വിജ്ഞാനത്തിനും പഠനയാത്ര

എന്നിവ പ്രോജക്ടിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. 14.02.18 ലെ സ.ഉ(കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബാലസഭയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 40,000 രൂപ മാത്രമാണ് ചെലവഴിക്കാൻ അനുവദിച്ചിട്ടുള്ളത്. ഇതിനു വിരുദ്ധമായി ബാലസഭാ പ്രവർത്തനങ്ങൾക്ക് 8540 രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/19-20/25.10.2021) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെയാണ് പദ്ധതി നടപ്പാക്കിയതെന്നും തുക ബാലസഭാപ്രവർത്തനങ്ങൾക്കായി മാത്രം ചെലവഴിച്ചതാണെന്നും നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ- പദ്ധതി ഭാഗീകമായി നടപ്പിലാക്കി

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 100000 രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 5 സംഘങ്ങൾക്ക് 10000 രൂപ വീതം 50000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 300 ൽ പരം സംഘങ്ങൾ നിലവിലുണ്ട്. വനിതകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് സഹായകമായിരുന്ന പദ്ധതി വിഭാവനം ചെയ്ത പ്രകാരം നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യത്തിന് അർഹരായ ഗ്രൂപ്പുകളെ കണ്ടെത്താതെ പ്രോജക്റ്റ് ആവിഷ്കരിച്ച് തുക വകയിരുത്തിയത് പദ്ധതി ആസൂത്രണത്തിലെ പിഴവാണ്. മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന ഗ്രൂപ്പുകളെ കണ്ടെത്തിയ ശേഷം മാത്രം പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 തെങ്ങുകൃഷി പുനരുദ്ധാരണം - സബ്സിഡി ഇനത്തിൽ അധികം തുക ചെലവഴിച്ചു

2019-20 സാമ്പത്തികവർഷം കാർഷികമേഖലയിൽ കൃഷി ഓഫീസർ മുഖേന തെങ്ങുകൃഷി പുനരുദ്ധാരണം (സ്പിൽഓവർ പദ്ധതി- 253/19-20) നടപ്പാക്കിയിട്ടുണ്ട്. കേടായ തെങ്ങുകൾ മുറിച്ചു മാറ്റി പകരം പുതിയ തൈകൾ വിതരണം ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള മാനദണ്ഡങ്ങളും സബ്സിഡി നിരക്കും പാലിച്ചായിരിക്കണം പദ്ധതി നടപ്പാക്കേണ്ടത്. കൃഷിവകുപ്പിന്റെ 22.06.2018 ലെ TB (1)26383/ 18-ാം നമ്പർ ഉത്തരവനുസരിച്ച് കേടായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് 1 തെങ്ങിന് 1000 രൂപ നിരക്കിലും, തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ പരമാവധി ഒരു തെങ്ങിന് 60 രൂപ നിരക്കിലുമാണ് സബ്സിഡി നൽകേണ്ടത്. 25 ഗുണഭോക്താക്കൾക്ക് 126 തെങ്ങുകൾ മുറിച്ചു മാറ്റിയതിന് 500 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ 126 തെങ്ങിൻ തൈകൾ VFPCK യിൽ നിന്ന് 150 രൂപ നിരക്കിൽ വാങ്ങുന്നതിന് 14175 രൂപയാണ് സബ്സിഡി ഇനത്തിൽ വികസനഫണ്ടിൽ നിന്ന് ചെലവു ചെയ്തിട്ടുള്ളത്. ഒരു തെങ്ങിന് 112.50 രൂപ നിരക്കിൽ 75% സബ്സിഡിയാണ് കൃഷി ഓഫീസർ VFPCK യ്ക്ക് നൽകിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതമായി 11340 രൂപ ഈടാക്കുന്നതിന് പകരം 4725 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇതുമൂലം വികസനഫണ്ടിൽ നിന്നും 6615 രൂപ അധികം ചെലവഴിച്ചു. തെങ്ങിൻതൈകൾ വാങ്ങുന്നതിന് സബ്സിഡി ഇനത്തിൽ 6615 രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/19-20/30.10.2021) കൃഷി ഓഫീസർ മറുപടി ഹാജരാക്കിയിട്ടില്ല. സബ്സിഡി ഇനത്തിൽ അധികമായി ചെലവഴിച്ച 6615 രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 കുറ്റിമുല്ലക്കൃഷി - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

2019-20 സാമ്പത്തികവർഷം കാർഷികമേഖലയിൽ കൃഷി ഓഫീസർ മുഖേന കുറ്റിമുല്ലക്കൃഷി നടപ്പാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 148350 | 22425 |
| ഗുണഭോക്തൃവിഹിതം | 49450 | 4875 |
| ആകെ | 197800 | 27300 |

പദ്ധതിനിർവഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു

1.14.02.18 ലെ സ.ഉ(കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം Loose Flowers

ഗണത്തിൽ ഉൾപ്പെടുന്ന മുല്ല കൃഷി ചെയ്യുന്നതിന് 1ഹെക്ടർ സ്ഥലത്തിന് 16000 രൂപ നിരക്കിലാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ കൃഷി ചെയ്ത സ്ഥലത്തിന് ആനുപാതികമായല്ല സബ്സിഡി നൽകിയിട്ടുള്ളത്.

2. 13 കർഷകർക്ക് 60 മുല്ല തൈകൾ വീതം ആകെ 780 തൈകൾ VFPCK യിൽ നിന്ന് കൃഷി ഓഫീസർ മുഖേന വാങ്ങുന്നതിനും ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങുന്നതിനും സബ്സിഡി നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എല്ലാ കർഷകർക്കും തുല്യമായ എണ്ണത്തിലാണ് മുല്ലതൈകൾ വിതരണം ചെയ്തിട്ടുള്ളത്. കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് വ്യക്തതയില്ല.

3. കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായാണ് സബ്സിഡി നൽകേണ്ടത്. കുറഞ്ഞത് 10 സെന്റ് കൃഷി ചെയ്യുന്നതിനാണ് ഏറ്റവും കുറഞ്ഞ നിരക്ക് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഇപ്രകാരമല്ല സബ്സിഡി നൽകിയിട്ടുള്ളത്. 10 സെന്റിൽ താഴെ സ്ഥലവിസ്തൃതിയുള്ളവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. എല്ലാ കർഷകർക്കും തുല്യ നിരക്കിൽ സബ്സിഡി അനുവദിച്ചതിൽ സുതാര്യതയില്ല.

4 കർഷകർ മുല്ലക്കൃഷി ചെയ്ത സ്ഥലവിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതിന്റേയും കൃഷി ഓഫീസർ സബ്സിഡി അനുവദിച്ചതിന്റേയും രേഖപ്പെടുത്തലുകൾ ഇല്ല

5. 86 കർഷകരെ ഉൾപ്പെടുത്തി (1 യൂണിറ്റ്-2300 രൂപ) 197800 രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയിൽ 22425 രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് വകയിരുത്തിയ വികസനഫണ്ടിന്റെ 15ശതമാനം.
പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/2019-20/30.10.2021) കൃഷി ഓഫീസർ മറുപടി ഹാജരാക്കിയിട്ടില്ല. നിർവഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-26 അർഹരായ ഗുണഭോക്താക്കളില്ല - പദ്ധതിച്ചെലവ് കുറയുന്നു

ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തികവർഷം മൃഗസംരക്ഷണമേഖലയിൽ മുട്ടക്കോഴി വിതരണപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കർഷകർക്ക് 45-60 ദിവസം പ്രായമായ മുട്ടക്കോഴികളെ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. എന്നാൽ വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ വികസനഫണ്ട് | ചെലവഴിച്ച തുക | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| 62/2019 മുട്ടക്കോഴി വിതരണം-ജനറൽ | 700000 | 423000 | 423 | 60% |

വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാതിരുന്നതിന് കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12 /19-20 Dtd 29.10.21) ഗുണഭോക്തൃവിഹിതം അടയ്ക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതാണ് പദ്ധതിച്ചെലവ് കുറയാനിടയാക്കിയതെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ മുട്ടക്കോഴി വിതരണ പദ്ധതിയ്ക്ക് ധാരാളം ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം അടച്ച് മുട്ടക്കോഴികളെ വളർത്തുന്നതിന് തയ്യാറായിട്ടുള്ള ഗുണഭോക്താക്കൾ ഇല്ലാതിരുന്നതാണ് ചെലവ് കുറയാനിടയാക്കിയത്. ഇതുമൂലം പ്രോജക്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുക ലാപ്സായി. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാ മാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതും താല്പര്യമുള്ള കർഷകരെ മാത്രം ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1040000 | ലൈഫ് ഭവന പദ്ധതി(General) | 1040000 | 0 |
| ജില്ലാ പഞ്ചായത്ത് | 30239 | ലൈഫ് ഭവന പദ്ധതി(General) | 0 | 30239 |
| ജില്ലാ പഞ്ചായത്ത് | 720000 | ലൈഫ് ഭവന പദ്ധതി(SC) | 720000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 174600 | 25400 |
| ജില്ലാ പഞ്ചായത്ത് | 100000 | അംഗൻവാടി പോഷകാഹാരം | 99975 | 25 |
| ജില്ലാ പഞ്ചായത്ത് | 180000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 180000 |
| ജില്ലാ പഞ്ചായത്ത് | 170000 | പാലിയേറ്റീവ് കെയർ പദ്ധതി | 165903 | 4097 |
| ജില്ലാ പഞ്ചായത്ത് | 250000 | ബഡ്സ് സ്കൂളിന് ഭൗതിക സാഹചര്യം | 0 | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | 75000 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ലൈഫ് ഭവന പദ്ധതി(General) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 480000 | പടപ്പപാറ കുടിവെള്ള പദ്ധതി നവീകരണം | 0 | 480000 |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ബിൽ നം./ചെക്ക് നം., തീ. | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB | 3/19-20 ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കൽ | 08/23.07.2019 | 163820 | 0 | 163820 |
| KSEB | 4/19-20 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 12/19-20 /06.09.2019 | 2855828 | | 2855828 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ വിവരം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ലൈഫ് മിഷൻ | ജി.ഒ(എം.എസ് 100/2018/LSGD തീയതി 30.07.2018 | 7892392 | 7892392 | 779412 | 7112980 |

## 4-5 സ്ഥിര നിക്ഷേപം

| ക്രമനമ്പർ | സ്ഥാപനത്തിന്റെപേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കലഞ്ഞൂർ (എഫ്.ഡി-60/106/06) | 31.12.2019 | 10വർഷം | 5936 | |
| 2 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കലഞ്ഞൂർ (എഫ്.ഡി-60/106/07) | 31.12.2019 | 10വർഷം | 4024 | |
| ആകെ | | | | 9960 | |

തൻവർഷം പലിശയിനത്തിൽ തുക ലഭിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-1,2-2 | 2017 | - | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-2 | 2017 | - | വാർഷിക ധനകാര്യ പത്രിക | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 119720520 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89079950 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഇനം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| ലേലം | 1-13 | 127694 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 3/851/2000 തീയതി 05-11-2001 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി2/173/2003 തീയതി 31-05-2003 | |
| 2001-02 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ-പി2/442/2004 തീയതി 06-10-2004 | 7 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി.2/537/2005 തീയതി 15-10-2005 | 3 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി.10/1139/2007 തീയതി 31-01-2009 | 4 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി10/1141/2007 തീയതി 28-02-2009 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4/1138/2007 തീയതി 29-09-2008 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി10/72/2010 തീയതി 04-05-2010 | 9 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി9/836/2011. തീയതി 06.12.2011 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.9/873/2011 തീയതി 30-12-2011 | 11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി10/1108/2012 തീയതി 06-04-2013 | 6 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി.10/667/2014 തീയതി 11-12-2014 | 5 |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-10-719/2015 തീയതി 06.08.2015 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-10-1384/2016 തീയതി 04.01.2016 | 39 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-10-825/2017 തീയതി 28.07.2017 | 24 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി10/1143/2018, തീയതി 10.08.2018 | 60 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി10/624/2019 തീയതി24.07.19 | 27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്